ISSN : 2249-7862 (Print) : 2455-877X (Online)
www.aureoleonline.in

# പ്രണയം, മാനവാനന്തര കാലഘട്ടത്തിൽ സ്പൈക് ജോൺസിന്റെ ഹെർ എന്ന സിനിമയെ ആസ്പദമാക്കി ഒരു പഠനം

**ജയ്സിമോൾ അഗസ്റ്റിൻ**

അസോസിയേറ്റ് പ്രൊഫസർ മലയാള വിഭാഗം

അസംപ്ഷൻ കോളജ്,ഓട്ടോണമസ് ചങ്ങനാശ്ശേരി.

Email: jaisyjesu@gmail.com

**ലേഖന സംഗ്രഹം**

സൈബോർഗ്യൻ കാഴ്ചപ്പാടുകൾ മനുഷ്യൻ എന്ന സത്തയുടെ ജൈവിക വൃത്തികളെ ഒന്നടങ്കം യന്ത്രവൽക്കരിക്കാൻ ഒരുങ്ങുമ്പോൾ മാനവ ജീവിതത്തിൽ സംഭവിക്കുന്ന നിരാശയുടെ പുതിയ മുഖം ആണ് സ്പൈക് ജോൺസിന്റെ ഹെർ എന്ന സിനിമ വെളിപ്പെടുത്തുന്നത്. മാനവാനന്തര കാല പ്രണയത്തെക്കുറിച്ച് ഹെർ എന്ന സിനിമ അവതരിപ്പിക്കുന്ന കാഴ്ചപ്പാടുകളെ നിരീക്ഷണ വിധേയമാക്കുന്നതിനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്

**താക്കാൽ വാക്കുകൾ:** സൈബോർഗ്യൻ, നിർമ്മിത ബുദ്ധി, മനുഷ്യാനന്തരത മാനവാനന്തരത.

മനുഷ്യ ജീവിതത്തിന്റെ നേർക്കാഴ്ചകളോ പ്രതീതാത്മക കാഴ്ചകളോ ആണ് സമകാല ഘട്ടത്തിലെ മിക്ക ചലച്ചിത്രങ്ങളും പ്രമേയമാക്കുകയും ദൃശ്യവത്ക്കരിക്കുകയും ചെയ്യുന്നത്. ജീവിതവുമായി ബന്ധപ്പെട്ട ചിന്തയുടെ ചിന്തുകൾ ആണ് മനുഷ്യന്റെ ഭാവനയെ എന്നും വിശാലമാക്കിയിട്ടുള്ളത്. ജിവിതത്തിന്റെ വിവിധ ഘട്ടങ്ങളും കാലാന്തരതകളും എല്ലാം ഭാവനയെ വളർത്തുന്നു എന്ന സങ്കല്പനം ശരിയോ തെറ്റോ എന്ന് അപഗ്രഥിക്കേ ികാലമാണ് ഇപ്പോൾ മുന്നിലുള്ളത്.

മനുഷ്യ പ്രകൃതിയെ അപഗ്രഥിച്ചു കൊണ്ടുള്ള പഠനങ്ങളായിരുന്നു ഇത്ര കാലവും തത്ത്വ ശാസ്ത്രത്തിന്റെയും ശാസ്ത്രീയ അപഗ്രഥനങ്ങളുടെയും അടിസ്ഥാന ഭാവങ്ങളായി നിലനിന്നിരുന്നത്. ഡെക്കാർത്തെ, ഫ്രോയ്ഡ്, മാർക്സ്, ഡാർവിൻ തുടങ്ങിയവരൊക്കെ പങ്കു വച്ച ജ്ഞാന പരിസരങ്ങളുടെയെല്ലാം അടിത്തറ മനുഷ്യ പ്രകൃതിയോട് ബന്ധപ്പെട്ടതായിരുന്നു. എന്നാൽ പുതിയ കാലം സൈബോർഗ്യൻ സങ്കല്പനങ്ങളിലൂടെയാണ് കടന്നു പോകുന്നത്. യന്ത്രവും മനുഷ്യനും ചേരുന്ന സൈബോർഗ്യൻ കാഴ്ചപ്പാടുകൾ മാനവാനന്തരത എന്ന സങ്കല്പത്തിലേയ്ക്ക് ലോകത്തെ നയിച്ചെത്തിച്ചു കഴിഞ്ഞു.

1967ൽ റോബർട്ട് ബ്രോറ്റിഗൻ എഴുതിയ “All Watched over by the machines of loving grace”എന്ന കവിതയിൽ അദ്ദേഹം വിഭാവനം ചെയ്തത് സസ്തനികളും യന്ത്രങ്ങളും പ്രോഗ്രാം ചെയ്യപ്പെട്ട് സമഭാവനയോടെ കഴിയുന്ന ഒരു സൈബർനെറ്റിക് ഉട്ടോപ്യയാണ്. (പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ, പുറം: 11) ആ ഭാവന യാഥാർത്ഥ്യമാകാൻ തുടങ്ങിയിരിക്കുന്നു എന്നു സൂചിപ്പിക്കുന്ന അവസ്ഥാ വിശേഷങ്ങളെയാണ് സ്പൈക് ജോൺസ് തന്റെ ഹെർ എന്ന സിനിമയിലൂടെ ആവിഷ്കരിക്കുന്നത്. ചലച്ചിത്രത്തിന്റെ ലോകം ചലനാത്മകമാണ്. ത്വരിതമായ ഒരു ചലനാത്മക ഭാവി കാലമാണ്. തിയഡോർ എന്ന നായക കഥാപാത്രത്തിന്റെ പ്രണയ വൈചിത്ര്യാനുഭവത്തിലൂടെ ഹെർ ആസ്വാദകർക്കു മുമ്പിൽ അവതരിപ്പിക്കുന്നത്.

പ്രണയം ആത്യന്തികമായി ഒന്നിന് അപരതയോടുള്ള വിനിമയമാണ്. വൈകാരികതയുള്ള ജൈവിക വ്യവഹാരമാണ് പ്രണയം. വേറിട്ടും വ്യത്യസ്തവുമായി നില്ക്കുന്ന ഒന്നിനെ അപരമായതിലേയ്ക്ക് ഒന്നിപ്പിക്കുവാൻ പ്രണയത്തിനു കഴിയും. ഒന്നാകൽ പൂർണ്ണമാകുമ്പോൾ രണ്ടു സത്തകൾക്കിടയിൽ വേർതിരിവ് നഷ്ടമായി ഒന്നു മറ്റതിൽ ലയിച്ചില്ലാതെയാകും. അങ്ങനെയാകുമ്പോൾ പ്രണയത്തെ ആത്മരതി എന്നു വ്യവഹരിക്കുവാൻ കഴിയും.മനുഷ്യൻ സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എല്ലാ ജീവജാലങ്ങളിലും ഈ വിധം ലൈംഗിക വ്യതിരിക്തത ഉണ്ട് , സ്ത്രീയും പുരുഷനും എന്ന വ്യതിരിക്തത. ഈ വ്യതിരിക്തതയിൽ നിന്നാണ് ഒന്നാകലിന് കൊതിക്കുന്ന ഇണയോടുള്ള പ്രണയം എന്ന ഭാവവിനിമയം ഉളവാകുന്നത്. ഇണ എന്ന സങ്കല്പവും പ്രണയം എന്ന സങ്കല്പവും ശരീര സംബന്ധിയായാണ് നിരീക്ഷിക്കപ്പെട്ടു വന്നിരുന്നത്. സ്ത്രീയും സ്ത്രീയും തമ്മി

ലും പുരുഷനും പുരുഷനും തമ്മിലും പ്രണയം സാധ്യമാകുമെന്ന അവസ്ഥ ഉളവായപ്പോൾ ഇണ സങ്കല്പത്തിലും വ്യത്യസ്തത കടന്നു വന്നു. എന്നാൽ ഈ സങ്കല്പങ്ങളെല്ലാം ജൈവികമായ പ്രപഞ്ചിക വൃത്തികളെ ആധാരമാക്കി രൂപപ്പെട്ടവയാണ്.

എന്നാൽ നിർമ്മിത ബുദ്ധിയാൽ ഉരുവാക്കപ്പെട്ട അജൈവികമായ അപരതയോട് പ്രണയം എന്ന ജൈവിക വികാരം ഉളവാകുന്ന അപൂർവ്വതയാണ് ഹെർ എന്ന സിനിമയുടെ പ്രമേയം. സമാന്ത എന്ന ഒ.എസിനോട് [Operating System] തിയോഡോറിനും സമാനമായി അയാളുടെ സുഹൃത്തിനും ഉളവാകുന്ന പ്രണയത്തെയും അതിന്റെ അനന്തര അവസ്ഥകളെയുമാണ് ഹെർ ആവിഷ്ക്കരിക്കുന്നത്.

അലക്സാ,സിരി മുതലായ ഒ.എസുകൾ ഇന്ന് ആർക്കും പരിചയപ്പെടുത്തേണ്ടതില്ല. ഗൂഗിൾ മാപ്, ഗൂഗിൾ വോയ്സ്, ഗൂഗിൾ ചാറ്റ് ഇവ കാലഹരണപ്പെട്ടപ്പോൾ അലക്സ പോലുള്ളവ പിടിമുറുക്കി. നിർമ്മിത ബുദ്ധിയുടെ വൈഭവം മൂലം മനുഷ്യന്റെ ആഗ്രഹങ്ങളെല്ലാം സാധിച്ചു നല്കുന്ന അനുസരണയുള്ള സുഹൃത്തുക്കളായി അവർ മാറി. ഇനിയും എത്രയോ ഒ.എസുകൾ അണിയറകളിൽ അവസാന മിനുക്കു പണികൾക്കായി ഇപ്പോൾ കാത്തിരിക്കുന്നുണ്ടാവും.

സകല പ്രാപഞ്ചിക വൃത്തികളെയും അപഗ്രഥിച്ച് യുക്തികളും അവബോധങ്ങളും രൂപപ്പെടുത്തുന്ന മനുഷ്യനെ ഉപാദാനമാക്കിക്കൊണ്ടാണ് എ.ഐ [Al- Artificial Intelligence] എന്ന ഓമനപ്പേരുള്ള നിർമ്മിത ബുദ്ധി വളരുന്നത്. മനുഷ്യന് പകരം വയ്ക്കാവുന്ന ഒന്നിനെ കണ്ടെത്തി അതിനെ പൂർണ്ണ സാമർത്ഥ്യമുള്ള ഒന്നാക്കുക എന്ന ഉദ്ദിഷ്ടലക്ഷ്യം നിർമ്മിത ബുദ്ധിയുടെ പരീക്ഷണ പരിസരങ്ങളിൽ ഉണ്ട് .

മനുഷ്യന്റെ നിർണ്ണയന വ്യവസ്ഥയായ തലച്ചോറിനെ പുനഃസൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള പഠനങ്ങൾ ഇപ്പോഴും അപൂർണ്ണമായ തലങ്ങളിൽ തന്നെ തുടരുന്നത് നിർമ്മിത ബുദ്ധിയുടെ വളർച്ചാ വഴിയിൽ വലിയ തടസ്സമായി നിലകൊള്ളുകയാണ്. ഈ പരിമിതിയെ മറികടന്ന് മനുഷ്യൻ എന്ന ജൈവ സത്തയ്ക്ക് പൂർണ്ണമായി പകരം വയ്ക്കാവുന്ന ഒന്നിനെ ഉളവാക്കിയെടുത്താൽ പിന്നീട് മനുഷ്യൻ എന്ന ജൈവ സത്തയുടെ പ്രപഞ്ചത്തിലെ സ്ഥാനം ഏത് ഇടത്താവും അടയാളപ്പെടുത്തപ്പെടുക എന്നത് മാനവനെ ആശങ്കപ്പെടുത്തുന്ന പ്രബലമായ ഒരു ചോദ്യമാണ്.

കാലാകാലങ്ങളായി എല്ലാ നാഗരികതകളിലും നിലനിന്നിരുന്ന ഒരു സേവന വ്യവസ്ഥയാണ് അടിമത്തം. കൈയൂക്കുള്ളവൻ അതില്ലാത്തവനെ അടിമപ്പെടുത്തി തന്റെ ആജ്ഞാനുവർത്തിയാക്കിയിരുന്ന ആദ്യ നാളുകൾക്കു ശേഷം ആ സ്ഥാനം അധികാരം, ധനം എന്നിവ കൈവശപ്പെടുത്തി. അങ്ങനെ കൈയൂക്ക്,അധികാരം,ധനം ഇവയൊക്കെ കുറവുള്ളവർ അടിമത്തം എന്ന അവസ്ഥയോട് താദാത്മ്യപ്പെടണം എന്നത് അലിഖിത നിയമം പോലെ തുടർന്നു വരുന്നു. എല്ലാം അനുസരിക്കുന്ന ആജ്ഞാനുവർത്തികളെ ഏതു മനുഷ്യന്റെയും ഉപബോധ മനസ്സ് ആഗ്രഹിക്കുന്നുണ്ട്.

ജൈവ മനുഷ്യർ അടിമത്തത്തിൽ തുടരാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ആജ്ഞാനുവർത്തികളെ വേണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. നിർമ്മിത ബുദ്ധിയുടെ പരീക്ഷണങ്ങളുടെ പിന്നിൽ മനുഷ്യന്റെ ഉപബോധത്തിലെ ഈ ആജ്ഞാനുവർത്തിയെ ഉളവാക്കൽ എന്ന ആഗ്രഹം ഒളിഞ്ഞു കിടപ്പുണ്ട്. ഉപകാരപ്രദവും ഉപയോഗപ്രദവുമായ ഒരു ആജ്ഞാനുവർത്തി, [Subordinate] വിനീത വിധേയത്വം പുലർത്തുന്ന ഒരു പങ്കാളി എന്ന ആഗ്രഹമാണത്. നവകാല ജനാധിപത്യത്തിൽ പോലും അനുഭാവികളെ ഒന്നിച്ചു ചേർക്കൽ എന്ന ഓമനപ്പേരിൽ നടക്കുന്ന ഈ ആജ്ഞാനുവർത്തി നിർമ്മിതി എന്ന യുക്തി നിർമ്മിത ബുദ്ധിയുടെ പരീക്ഷണ പരിസരങ്ങളിലൂടെ മനുഷ്യൻ സാധ്യമാക്കിയെടുത്തതിന്റെ ആദ്യ പടിയാണ് റോബോട്ടുകളായും ഒ.എസുകളായും ഇന്ന് നാം കാണുന്നത്. മനുഷ്യൻ അവന്റെ എല്ലാ വൈകാരിക ഭാവങ്ങളിലും ആധിപത്യ വാസനയുള്ളവനാണ്. പ്രത്യേകിച്ചും പുരുഷൻ . ഇണ തന്റേതു മാത്രമായിരിക്കണമെന്ന താത്പര്യമാണ് പുരുഷനിൽ എപ്പോഴും ഉയർന്നു നില്ക്കുന്നത്. ഇത്തരം ഒരു താത്പര്യമാണ് ഹെർ എന്ന സിനിമയിലെ നായകനായ തിയോഡോറിനെ സമാന്ത എന്ന ഒ.എസിനെ പ്രണയിക്കുന്നതിലേയ്ക്കു നയിക്കുന്നത്.

പ്രണയത്തിന് ഒരു മാധ്യമം ആവശ്യമുണ്ട്. ഭാഷ അതിന് പറ്റിയ മാധ്യമമാണ്. പ്രണയം തിരിച്ചറിയപ്പെടുന്നതും പ്രകാശിപ്പിക്കപ്പെടുന്നതും ഒടുവിൽ ഒടുങ്ങുന്നതും ഭാഷയിലൂടെയാണ്.

[തിയോഡോറിയൻ ഫ്യൂച്ചർ ഷോക്ക്, അവതാരിക] ഹെർ എന്ന സിനിമയിൽ പ്രണയത്തിനും മനുഷ്യ ബന്ധങ്ങൾക്കും നഷ്ടപ്പെട്ടു പോയ മധുരമായ ആ ഭാഷയെ തിയോഡോറും സമാന്തയും തിരികെ വിളിച്ചു കൊണ്ടുവരുന്നു. പ്രണയിക്കുന്ന മനുഷ്യർ എന്ന സങ്കല്പത്തിൽ നിന്ന് ഉപരിയായി ഇണകൾ എന്ന സങ്കല്പം നല്കുന്നത് പ്രണയത്തിന്റെ ഭാഷയാണ്. ഇണകൾക്കിടയിൽ ഭാഷാപരമായി ഉളവാകേണ്ടദൃഢബന്ധം തിയോഡോറും സമാന്തയും അവരുടെ ഭാഷാ പാടവത്തിലൂടെ വ്യക്തമാക്കിയെടുക്കുന്നു. മധുരമായ ഭാഷയിൽ കത്തുകൾ എഴുതി തിയോഡോറും തന്റെ സംഭാഷണത്തിലെ മാധുര്യത്തിലൂടെ സമാന്തയും ഭാഷയുടെ പ്രണയഭാവം സമ്മാനിക്കുന്നു. മറ്റുള്ളവർക്കായി കത്തുകൾ എഴുതി നല്കുമ്പോൾ സ്നേഹ ഭാഷ അല്ലെങ്കിൽ പ്രണയ ഭാഷ ഉപയോഗിക്കാൻ കഴിയുന്ന തിയോഡോറിന് തനിക്കായി അതുപയോഗിക്കാൻ സാധിക്കുന്നില്ല. മറ്റുള്ളവരുടെ പ്രണയ വിടവുകൾ ഭാഷയിലൂടെ നികത്തുന്ന ശരീരിയും അശരീരിയുമായ രണ്ടു നിർവ്വാഹക രൂപങ്ങളായി തിയോഡോറും സമാന്തയും കാണപ്പെടുന്നു. അവരുടെ പ്രണയ കഥയായി 'ഹെർ' രൂപാന്തരപ്പെടുന്നു.

എഴുതിയും പറഞ്ഞും മറ്റുള്ളവർക്കായി പ്രണയം കെട്ടിപ്പടുക്കുന്നവർ മാത്രമായിരിക്കും പ്രണയത്തിന്റെ ശുദ്ധ മാധ്യമമായി ഭാഷയെ ഉൾക്കൊണ്ടിട്ടുണ്ടാവുക. അവർ ഭാഷയുടെ സാധ്യതകളെ പ്രണയത്തിന്റെ പ്രകടനത്തിനായി ഉപയോഗിക്കുന്നതിനാൽ ഭാഷയുടെ അതിരുകളിലാവും ജീവിക്കുക. ആ ഇടപാടിൽ സ്വയം ലയിച്ചില്ലാതാവാനോ ഒന്നായിത്തീർന്ന് അഭിരമിക്കാനോ അവർക്കു സാധിക്കുകയില്ല. രണ്ടായി തുടരുമ്പോൾ മാത്രമേ ആസക്തിക്ക് ഒരു ലക്ഷ്യം ഉണ്ടാവുകയുള്ളൂ. പ്രണയം ഒരുമിപ്പിക്കുമ്പോൾ രതി വിഭജിക്കുന്നു എന്നാണല്ലോ ലക്കാൻ പ്രണയ രതികളെക്കുറിച്ച് നിരീക്ഷിച്ചത്. അങ്ങനെ നോക്കുമ്പോൾ എതിർ ദിശകളിലൂടെ ഒഴുകുന്ന രണ്ട് ആസക്തി ധാരകളിൽ ഒന്നു മറ്റൊന്നിനെ ഉദ്ദീപിപ്പിച്ചു കൊണ്ടും മറ്റൊന്നു തോല്പിച്ചു കൊണ്ടുമിരിക്കും. പ്രണയം അമൂർത്തതയുടെ പൂർണ്ണതയിലും പാരമ്യത്തിലും ഭാവനയിൽ മാത്രം ജീവിക്കുമ്പോൾ രതി മൂർത്തതയുടെ പരിമിതികൾക്കകത്താണ് ജ്വലിച്ചൊടുങ്ങുന്നത്. അത് ശരീരബദ്ധവും അനുഭവപരവുമാണ്.

പ്രണയവും രതിയും തമ്മിലുള്ള ഈ വൈരുദ്ധ്യം ഹെറിലെ നായകനായ തിയോഡോറിനെ വല്ലാതെ ആശയക്കുഴപ്പത്തിലാക്കുന്നു. മറ്റുള്ളവർക്കിടയിലെ പ്രണയ വിടവുകളെ വാക്കുകൾ കൊണ്ട് സ്നേഹ നിർഭരമാക്കുന്ന തിയോഡോറിന്റെ അഭിലാഷങ്ങൾ വാക്കുകളുടെ തന്നെ പരിമിതിയിൽ തട്ടി വീഴുന്നു. ശരീരത്തിന്റെ മൂർത്തതയിൽ അതിനെ അറിയാനോ അനുഭവിക്കാനോ ആവിഷ്കരിക്കാനോ കഴിയാതെ അയാൾ വാക്കുകളിലേയ്ക്കു പിന്മടങ്ങുന്നു. സമാന്ത വഴി സാധ്യമാകുന്ന സ്വന്തം പുസ്തകം മാത്രമാണ് അയാൾക്ക് ആ പ്രണയത്തിൽ നിന്ന് ലഭിക്കുന്ന മൂർത്തമായ ഏക ഫലം.

തിയോഡോറിന്റെ ജീവിതത്തിൽ ഉണ്ടായിരുന്നതും പിന്നീട് കടന്നുവന്നതുമായ സ്ത്രീകളൊന്നും അയാൾക്ക് സമാന്തയെപ്പോലെ വാങ്മയ ലഹരിയോ നിർവൃതിയോ നല്കുന്നില്ല. തിയോഡോറിന്റെ ബാല്യകാലം മുതലേയുള്ള പരിചയക്കാരിയായിരുന്ന കാതറിൻ അയാളെ വിവാഹം കഴിച്ചെങ്കിലും യഥാർത്ഥ വികാരങ്ങളെ നേരിടാനുള്ള അയാളുടെ കഴിവില്ലായ്മയെ ചൂണ്ടിക്കാട്ടി അവർ വിവാഹ മോചനം നേടി. ആ സ്നേഹ ബന്ധത്തെക്കുറിച്ച് തിയോഡോർ സമാന്തയോടു പറഞ്ഞത് ' പരസ്പരം അകലാതെ വളരാനും മറ്റേയാളെ ഭയപ്പെടുത്താതെ മാറാനും ആകില്ല എന്നതാണ് ഏറ്റവും കഠിനം ' എന്നാണ്. അതിന് സമാന്തയുടെ മറുപടി ഭൂതകാലം എന്നത് ഒരാൾ അവനവനോടു പറയുന്ന കഥ മാത്രമാണ് എന്നാണ്. തിയോഡോർ ഡേറ്റിംഗിനായി ക്ഷണിക്കുന്ന സ്ത്രീ ,അവർ മുന്നേ പരിചയപ്പെട്ട പുരുഷന്മാരെക്കുറിച്ച് പരാമർശിച്ചതോടെ അയാൾ അവരെ വിട്ടു പോകുന്നു. സമാന്ത അയാൾക്കായി അയച്ചു നല്കുന്ന ഇസബെല്ലയോടും തിയോഡോറിന് ബന്ധപ്പെടാൻ കഴിയുന്നില്ല. സമാന്തയുടെ ശബ്ദവും ഇസബെല്ലയുടെ ശരീരവും തമ്മിലുള്ള പൊരുത്തമില്ലായ്മയാണ് അതിന് കാരണമാകുന്നത്.

എല്ലാ പ്രണയികളും ആഗ്രഹിക്കുന്നത് തന്നിലേയ്ക്കു മാത്രം കേന്ദ്രീകരിക്കപ്പെടുന്ന മറ്റേയാളുടെ ശ്രദ്ധയാണ്. ആ രീതിയിൽ തിയോഡോർ കാണുന്ന ഉദാത്ത പ്രണയിനിയാണ് സമാന്ത . അവളെ അവകാശപ്പെടാൻ ആരുമില്ല. അവൾക്ക് ഒളിക്കാനോ തിരിച്ചു പോകാനോ ആഘോഷിക്കാനോ ഒരു ഭൂതകാലവുമില്ല. അവൾ പൂർണ്ണമായും വർത്തമാന കാലത്തിന്റേതാണ്. തിയോഡോറിന്റെ സ്ത്രീ സങ്കല്പത്തിന്റെയും സ്ത്രീയെ സംബന്ധിച്ചുള്ള പ്രതീക്ഷകളുടെയും അവതാരമാണവൾ. സമാന്തയെ സംബന്ധിച്ചിടത്തോളം തിയോഡോർ എന്നത് ലോകവുമായി അവൾക്കുള്ള ഡിജിറ്റൽ ബന്ധങ്ങളുടെയും ഇടപാടുകളുടെയും ആകെത്തുകയാണ്. തിയോഡോറിന്റെ ബാഹ്യ ലോകവുമായുള്ള ഇടപാടുകളുടെയെല്ലാം സത്താണ് സമാന്ത . അതുകൊണ്ട് അവൾ അയാളെത്തന്നെ പ്രതിഫലിപ്പി

ക്കുന്ന കണ്ണാടിയായിത്തീരുന്നു. എന്നാൽ ഈ പരിപൂർണ്ണതയും തിയോഡോറിനെ അസ്വസ്ഥമാക്കുന്നതായി കാണാം. പരിണാമത്തിന്റെയും അനുഭവങ്ങളുടെയും ഒന്നും അവസരമില്ലാത്ത പരിപൂർണ്ണതയാണല്ലോ സമാന്ത . അത് അയാളെ അസ്വസ്ഥനാക്കുന്നുണ്ട്.

ഭാര്യയായിരുന്ന കാതറീനുമായി വിവാഹ മോചനത്തിനു തയ്യാറായി ചെന്നപ്പോൾ തിയോഡോർ അവളെക്കുറിച്ച് പറഞ്ഞ പരാതി ,കാതറിൻ തന്റെ ആഗ്രഹത്തിനും പ്രതീക്ഷയ്ക്കുമൊത്ത് പെരുമാറുന്നില്ല എന്നാണ്. തന്റെ ആജ്ഞാനുവർത്തിയായി, അടിമത്തവിധേയത്വ ഭാവത്തോടെ പെരുമാറുന്ന ഒരു പങ്കാളിയെയാണ് തിയോഡോർ ആഗ്രഹിച്ചിരുന്നത്. (മനുഷ്യൻ ആജ്ഞാനുവർത്തിയായ പങ്കാളിയെ ആഗ്രഹിച്ചതിന്റെ ഫലമായാണല്ലോ നിർമ്മിത ബുദ്ധിയുടെ പുതിയ പരീക്ഷണങ്ങൾക്ക് ഇടവരുത്തിയത്) തന്റെ എല്ലാ ആഗ്രഹങ്ങളെയും പൂർത്തീകരിക്കുന്നവളായാണ് വെർച്വൽ പ്രണയിനിയായ സമാന്തയെ അയാൾ കാണുന്നത്. അയാൾ ആഗ്രഹിക്കുന്ന പോലെയെല്ലാം ആകാൻ അവൾക്കു കഴിയും. അയാളുടെ മനോനിലകൾക്കനുസരിച്ച് ഓരോ നിമിഷവും അവൾക്കു പെരുമാറാനാകും. അയാളുടെ അഭിലാഷങ്ങൾക്കും രുചിശീലങ്ങൾക്കുമനുസരിച്ച് സ്വയം രൂപപ്പെടുത്താനും പ്രതികരണങ്ങൾ ചിട്ടപ്പെടുത്താനും കഴിയുന്ന പ്രോഗ്രാം ആണല്ലോ സമാന്ത. ശരീര സാന്നിദ്ധ്യമാവുക എന്നതൊഴിച്ച് മറ്റെല്ലാം തിയോഡോറിന് നല്കാൻ സമാന്തയ്ക്കു കഴിഞ്ഞിരുന്നു.

കാതറിന്റെയും സമാന്തയുടെയും പ്രണയം തിയോഡോറിന് രണ്ടു വിധമാണ് അനുഭവവേദ്യമാകുന്നത്. ഒന്നു ശാരീരികവും മറ്റൊന്ന് വെർച്വലും. രണ്ടും അയാളെ നിരസിക്കുകയോ പുറന്തള്ളുകയോ ചെയ്യുമ്പോഴാണ് അയാൾ പ്രണയത്തെയും തന്നെത്തന്നെയും തിരിച്ചറിയുന്നത്. പ്രണയം ഒന്നായിത്തീരൽ അല്ലെന്നും അപരത്തിന്റെ അനന്യതയെ അംഗീകരിക്കുക എന്നതാണ് പ്രണയത്തിൽ ആവശ്യമുള്ളതെന്നും തിയോഡോർ തിരിച്ചറിയുന്നത് സമാന്തയുടെ അപ്രത്യക്ഷമാകലോടെയാണ്. ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ പിന്മാറ്റം തിയോഡോറിനെയും അയാളുടെ ആത്മ സുഹൃത്തായ ആമിയെയും നിസ്സഹായതയിലെത്തിക്കുന്നു. ആ നിസ്സഹായത അവരെ തമ്മിൽ ഒന്നിപ്പിക്കുന്നു. ഒരു പക്ഷേ അവർ പരസ്പരം യഥാർത്ഥ ജീവിതത്തിൽ പ്രണയം കണ്ടെത്തിയേക്കാം എന്ന സൂചനയിലാണ് ഹെർ എന്ന ചലച്ചിത്രം അവസാനിക്കുന്നത്. തിയോഡോറും ആമിയും അംബര ചുംബിയായ ഒരു കെട്ടിടത്തിന്റെ മുകളിൽ തോളുരുമ്മിയിരുന്നു വിസ്തൃതമായ നഗരത്തെ നോക്കിക്കാണുന്നതായാണ് ആ അവസാന ദൃശ്യം.

മനുഷ്യ ബന്ധങ്ങളിൽ ഏറ്റവും തീവ്രമെന്നു കരുതപ്പെടുന്ന പ്രണയ വ്യവഹാരത്തിലേർപ്പെടുന്ന സ്വത്വങ്ങൾക്ക് അല്ലെങ്കിൽ വ്യക്തികളാകുന്ന ഊർജ്ജ രൂപങ്ങൾക്ക് സംഭവിക്കുന്ന ആന്തരികവും ബാഹ്യവുമായ ഹർഷ സംഘർഷങ്ങൾ ആവിഷ്ക്കരിക്കുന്ന ഹെർ എന്ന ചലച്ചിത്രത്തിൽ മനുഷ്യനിൽ ദമനം ചെയ്യപ്പെട്ടിരിക്കുന്ന ആധിപത്യവാസന, സ്വാർത്ഥത ഇവ വിവര സാങ്കേതികതയുടെ നിർമ്മിത ബുദ്ധിയിലേയ്ക്കു ആവാഹനം ചെയ്തുൾക്കൊള്ളിക്കാൻ ശ്രമിക്കുന്ന വിഫല പരിശ്രമത്തെ വെളിവാക്കുന്നു. ഈ പരിശ്രമം ഭാവിയിൽ സഫലമാകാൻ സാധ്യതയുണ്ടെന്നുള്ള ഓർമ്മപ്പെടുത്തലും ചിത്രത്തിന്റെ അന്തർഭാവങ്ങളിൽ നിന്ന് വായിച്ചെടുക്കാൻ കഴിയും.

നിർമ്മിത ബുദ്ധി ലോകത്തെ ഭരിക്കുവാൻ ഇടയായേക്കാവുന്ന മാനവാനന്തര കാലത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യൻ ജൈവ വിവര സാങ്കേതികതയുടെ വലയിലകപ്പെട്ടിരിക്കുകയാണ്. ഓരോ വ്യക്തിയും നാമ രഹിതരായ ചില അക്കങ്ങളാകുന്നു.8713496200 ഒരാളുടെ മൊബൈൽ നമ്പറാണെങ്കിൽ ആ നമ്പർ അയാളുടെ ജൈവ വിവരങ്ങളെല്ലാം ശേഖരിക്കാനുള്ള മതിയായ ഉപാധിയാക്കി നിർമ്മിത ബുദ്ധിയുടെ നിരീക്ഷണ ലോകം വളർത്തിക്കഴിഞ്ഞിരിക്കുന്നു. ആ നമ്പറിലൂടെ അയാളുടെ ഇഷ്ടാനിഷ്ടങ്ങളും ബന്ധങ്ങളും താത്പര്യങ്ങളും ജീവിത ശൈലിയുമെല്ലാം വിവര സാങ്കേതിക ലോകം തിരിച്ചറിയുന്നു. അലക്സാ, സിറി, ഗൂഗിൾ സേർച്ച് ഇവയെല്ലാം ഇത്തരം വഴികളാണ് സ്വീകരിക്കുന്നത്. വിവരങ്ങൾ ഉള്ളടങ്ങിയ ദത്തങ്ങൾ ആണ് ഇന്നേറ്റവും വലിയ വിപണി സാധ്യത എന്ന് മുതലാളിത്ത കമ്പോള മനസ്ഥിതിക്കാർ തിരിച്ചറിഞ്ഞതിനാൽ മാനവ കുലം ഒന്നടങ്കം നിരീക്ഷണങ്ങളിൽ ഉൾപ്പെടുകയാണ്.

മാനുഷികം എന്ന ജൈവികാവസ്ഥ യാന്ത്രികതയ്ക്കു വഴിമാറുന്നതിന്റെ സൂചനയാണ് പ്രണയം പോലും സമാന്ത പോലുള്ള ഒ.എസുകളിലേയ്ക്ക് തിരിച്ചു വിടുന്ന മനുഷ്യന്റെ പുതിയ കണ്ടെത്തലുകൾ വെളിവാക്കുന്നത്. എങ്കിലും മനുഷ്യന്റേത് എന്ന് ഇന്നോളം പരിഗണിക്കപ്പെടാതെ പോയ പല സ്വാഭാവികതകളും വ്യക്തി എന്ന നിലയിലും സാമൂഹിക മാനങ്ങളിലും മനുഷ്യന് ലഭിക്കാതെ പോയ പല പരിഗണനകളും ഭാഷയിലൂടെയും സർഗ്ഗാത്മകതയിലൂടെയും വീണ്ടെടുക്കാൻ സാധിച്ചേക്കും എന്നൊരു പ്രതീക്ഷ ഹെർ എന്ന സിനിമയിലൂടെ സ്പൈക് ജോൺസ് മുന്നോട്ടു വയ്ക്കുന്നുണ്ട്.

ISSN : 2249-7862 (Print) : 2455-877X (Online)
www.aureoleonline.in

## സഹായക വഴികൾ

CBFC: A 2013 - Romance/Sci-fi 2h.6m (prime video - Her [in Amazon prime ]

https:// www. scripts.com> her _9873

https://read.amazon.in/litb/BO8KT4ZRS1?f=1&l=en_IN&r=4293834c&rid=QBZ8Q1 AW617 Q4V8X4VVH&sid=259- 6059248-4400829&ref_=litb_m [തിയോഡോറിയൻ ഫ്യൂച്ചർ ഷോക്ക് ]

ശ്രീകുമാർ ടി.ടി. ഡോ. , പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ, പുസ്തക പ്രസാധക സംഘം, കോഴിക്കോട്, 2020